**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 899** **26-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടയ വിതരണം ത്വരിതപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂരഹിതർക്കുള്ള പട്ടയ വിതരണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | പട്ടയവിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി എല്ലാ ജില്ല കളക്ടർമാരുടെയും ഡെപ്യൂട്ടി കളക്ടർമാരുടെയും യോഗം ചേരുകയും നൂറ് ദിന കർമ്മ പദ്ധതിയിലുൾപ്പെടുത്തി 12000 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ തഹസീൽദാരുമായും വില്ലേജ് ഓഫീസർമാരുമായും വകുപ്പ് മന്ത്രി നേരിട്ട് സംവദിച്ച് പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ക്രയ സർട്ടിഫിക്കറ്റുകളുടെ വിതരണം ഊർജ്ജിതപ്പെടുത്തുന്നതിനായി ലാൻഡ് ബോർഡ് ഉദ്യോഗസ്ഥരുമായി യോഗം ചേർന്നതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ കേസുകൾ നിലവിലുള്ള മലപ്പുറം, പാലക്കാട് ജില്ലകളിലെ ഉദ്യോഗസ്ഥർക്ക് വേഗത്തിൽ ഫയൽ തീർപ്പാക്കുന്നതിന് അവഗാഹ മുണ്ടാക്കുന്നതിനായി പരിശീലനം സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 07.07.2021, 14.07.2021, 22.07.2021 എന്നീ തീയതികളിൽ കൂടിയ റവന്യൂ സെക്രട്ടറിയേറ്റ് പട്ടയങ്ങൾ തയ്യാറാക്കുന്നതിൽ ഓരോ ജില്ലയിലുള്ള പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പട്ടയം ലഭിച്ചവർ ഭൂമി സംബന്ധമായ വിഷയങ്ങളിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനു എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | അത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ